Sectt. 3/45/2010/5 lakhs GPM. © Govt. of Kerala.

# GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ബഡ്സ് സ്കൂളുകൾ - വിദ്യാഭ്യാസ ഗ്രാന്റ് ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം - നൽകുന്നത് സംബന്ധിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2517**/2011/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 31.10.2011.

---

പരാമർശം:-
1) സ.ഉ.(എം.എസ്.) നമ്പർ 183/07/ത.സ്വ.ഭ.വ. തീയതി 24.07.2007 (4.4)
2) സ.ഉ.(എം.എസ്.) നമ്പർ 148/09/ത.സ്വ.ഭ.വ. തീയതി: 29.07.2009.
3) സ.ഉ.(എം.എസ്.) നമ്പർ 152/09/ത.സ്വ.ഭ.വ. തീയതി: 01.08.2009.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 5/81109/2009/ഡി.പി.ഐ. തീയതി: 16.06.2010 നമ്പർ കത്ത്.
5) സർക്കുലർ നം. 1/41463/2010/ഡി.പി.ഐ. തീയതി: 21.08.2010.
6) സ.ഉ.(പി.) നമ്പർ 319/2003/ത.സ്വ.ഭ.വ. തീയതി 12.06.2009.

## ഉത്തരവ്

സൂചന (1) പ്രകാരം തദ്ദേശസ്ഥാപനങ്ങൾക്ക് മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനുമായി ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഈ സ്ഥാപനങ്ങൾക്കുള്ള അടിസ്ഥാന നിലവാരം നിശ്ചയിച്ചുകൊണ്ടുള്ള മാർഗരേഖ രണ്ടാം സൂചന ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഇതോടൊപ്പം ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനായി സൂചന (3) ലെ ഉത്തരവു പ്രകാരം നിർവ്വഹണ ഏജൻസി ചുമതല നൽകി കൊണ്ട് ബഡ്സ് വികസന മാനേജ്മെന്റ് സമിതി രൂപീകരിച്ചും ഉത്തരവായിരുന്നു. ബഡ്സ് സ്കൂളിന്റെ വർദ്ധിച്ച തുടർചെലവുകൾ കണക്കിലെടുത്ത് 2009-10 വർഷം മുതൽ സൂചന (4), (5) എന്നിവ പ്രകാരം ബഡ്സ് സ്കൂളുകൾക്കായി തദ്ദേശസ്ഥാപനങ്ങൾക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഗ്രാന്റ് അനുവദിച്ചുവരുന്നുണ്ട്. എന്നാൽ പല പഞ്ചായത്തുകളും സാങ്കേതിക കാരണങ്ങൾ ചൂണ്ടികാണിച്ച് ഗ്രാന്റ് സ്വീകരിക്കാതിരിക്കുകയോ ചെലവഴിക്കാതിരിക്കുകയോ ചെയ്തു വരുന്നതായ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസ ഗ്രാന്റ് നിബന്ധനയനുസരിച്ച് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമങ്ങളിൽ ഉത്തരവായ പ്രകാരം 30 ദിവസത്തിനകം തുക ചെലവഴിക്കേണ്ടതാണ്. കൂടാതെ ചാർട്ടേഡ് അക്കൗണ്ടിന്റെ ഓഡിറ്റ് ചെയ്ത റിപ്പോർട്ടും ധനവിനിയോഗ സർട്ടിഫിക്കറ്റും സമർപ്പിക്കുകയും വേണം. ഈ നടപടിക്രമങ്ങളും പല പഞ്ചായത്തുകൾക്കും മാർഗ്ഗനിർദ്ദേശങ്ങളുടെ അഭാവത്താൽ പാലിക്കുവാൻ കഴിഞ്ഞിട്ടില്ല. നിർദ്ദേശം പാലിക്കപ്പെടാതിരുന്നാൽ വിദ്യാഭ്യാസ ഗ്രാന്റ് നഷ്ടപ്പെടുകയും പഞ്ചായത്തുകൾക്ക് രണ്ടും മൂന്നും ലക്ഷം രൂപ പ്രതി വർഷം അധികചെലവ് ഉണ്ടാവുകയോ ബഡ്സ് സ്കൂൾ അടച്ചുപൂട്ടുകയോ ചെയ്യേണ്ടതായി വരും.

മേൽപറഞ്ഞ സാഹചര്യം ഒഴിവാക്കുന്നതിനായി ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ ബഡ്സ് സ്കൂൾ നടപ്പിലാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ടതാണ് എന്ന് ഉത്തരവാകുന്നു.

1. തദ്ദേശസ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ള ബഡ്സ് സ്പെഷ്യൽ സ്കൂളുകൾക്ക് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക നിർദ്ദേശങ്ങൾ നൽകി അനുവദിക്കുന്ന ഗ്രാന്റ് തുക, പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെയും പ്രസിഡന്റിന്റേയും സംയുക്തമായ പേരിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഈ തുക നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ബഡ്സ് സ്കൂളുകൾക്കായി മാത്രം ചെലവഴിക്കുകയും ചെയ്യേണ്ടതാണ്.
2. പ്രസ്തുത അക്കൗണ്ടിൽ മറ്റു തുകകൾ നിക്ഷേപിക്കുവാൻ പാടില്ലാത്തതും ഗ്രാന്റ് വരവ് - ചെലവ് കണക്കുകൾ പ്രത്യേകമായി എഴുതി സൂക്ഷിക്കേണ്ടതും (സ്കൂൾ ഗ്രാന്റ് ബുക്ക്) ഓഡിറ്റ് ചെയ്ത കണക്കുകളും ധനവിനിയോഗ സർട്ടിഫിക്കറ്റും പഞ്ചായത്ത് കമ്മിറ്റിയുടെ അറിവോടെ വിദ്യാഭ്യാസ ഡയറക്ടർക്ക് യഥാസമയം സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.
3. ബന്ധപ്പെട്ട തദ്ദേശഭരണ സെക്രട്ടറിമാർ കൈപറ്റുന്ന ഗ്രാന്റ് തുകയുടെ വിവരം പഞ്ചായത്ത് അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതും പ്രത്യേക പാസ് ബുക്കിൽ നിക്ഷേപിച്ചതായും ചെലവഴിച്ചതായും ക്ലാസിഫിക്കേഷൻ കാണിച്ച് ഉപയോഗപ്പെടുത്തേണ്ടതാണ്. കേന്ദ്ര സർക്കാർ ഗ്രാന്റ് ലഭിക്കുന്ന സന്ദർഭങ്ങളിലും ഇതേ നടപടിക്രമം പാലിക്കേണ്ടതാണ്.
4. ഗ്രാന്റ് ലഭിക്കുന്നതിന് താമസം നേരിടുകയോ അവ്യക്തതയുണ്ടാവുകയോ ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് തനത് ഫണ്ട് / പ്ലാൻ ഫണ്ട് / വികസന മാനേജ്മെന്റ് ഫണ്ട് എന്നിവ നിയമാനുസൃതം ഉപയുക്തമാക്കി ഹോണറേറിയം ഉൾപ്പെടുന്ന ബഡ്സ് ചെലവുകൾ തടസ്സം കൂടാതെ നിർവ്വഹിക്കുന്നതിനും ഫണ്ട് ലഭിയ്ക്കുന്ന മുറയ്ക്ക് പ്രസ്തുത തുക തിരിച്ച് പ്രസ്തുത ഫണ്ടിലേയ്ക്ക് മുതൽകൂട്ടുകയും ചെയ്യാവുന്നതാണ്.
5. വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇതിനകം ലഭ്യമായ ഗ്രാന്റ് തുക ചെലവഴിക്കാത്തവർ പ്രസ്തുത തുക ചെലവഴിച്ച് ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്ത് ധനവിനിയോഗ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ.
അണ്ടർ സെക്രട്ടറി.

ഡയറക്ടർ, പബ്ലിക് ഇൻസ്ട്രക്ഷൻ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ നഗരസഭകൾക്കും / കോർപ്പറേഷനുകൾക്കും നൽകേണ്ടതാണ്.)
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം. (പകർപ്പ് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (പകർപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം / കൊച്ചി / കോഴിക്കോട്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ). കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്.
പൊതു വിദ്യാഭ്യാസ വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.